Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

7.5.2016

All Kerala Press Release
*Ref: 529/KCBC/K-6/KPR/DS*

## ജിഷയുടെ കൊലപാതകം - ഗൂഢാലോചന സാധ്യത ഉൾപ്പെടെ അന്വേഷിക്കണം: ജാഗ്രതാ സമിതി

കൊച്ചി: പെരുമ്പാവൂരിൽ നിയമവിദ്യാർത്ഥിനി ജിഷ ക്രൂരമായി കൊലചെയ്യപ്പെട്ടിട്ട് ഒരാഴ്ച കഴിഞ്ഞിട്ടും കുറ്റവാളികളെ അറസ്റ്റുചെയ്യാൻ കഴിയാത്തതിൽ കെസിബിസി ഐക്യജാഗ്രതാ സമിതി ആശങ്ക രേഖപ്പെടുത്തി. അക്രമികളെക്കുറിച്ച് വ്യക്തമായ സൂചനകൾ പോലും ലഭിക്കാത്തത് കൊലപാതകത്തിനു പിന്നിൽ ശാസ്ത്രീയമായ ആസൂത്രണവും ഗൂഢാലോചനയും നടന്നിരിക്കാനുള്ള സാധ്യത വർധിപ്പിക്കുന്നു. ഗൂഢാലോചന സാധ്യത ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സമഗ്രമായ അന്വേഷണം നടക്കണം. കുറ്റവാളികളെ നീതിപീഠത്തിനു മുമ്പിൽ കൊണ്ടുവരാൻ കാലവിളമ്പമുണ്ടാകുന്നത് ജനങ്ങൾക്ക് പോലീസിലും ഭരണകൂടത്തിലുമുള്ള വിശ്വാസത്തിന് മങ്ങലേല്പിക്കും. കൊലപാതകത്തെ തെരഞ്ഞടുപ്പിൽ ആയുധമാക്കാനുള്ള രാഷ്ട്രീയ പാർട്ടികളുടെ കിടമത്സരം, അന്വേഷണം തെറ്റായ ദിശകളിലേക്ക് തിരിച്ചുവിടാതിരിക്കാനും അതുവഴി കുറ്റവാളികൾ രക്ഷപ്പെടാൻ ഇടയാകാതിരിക്കാനും സമൂഹം ജാഗ്രത പുലർത്തണമെന്നും ഐക്യജാഗ്രതാ സമിതിയുടെ പിഒസിയിൽ ചേർന്ന യോഗം അഭ്യർത്ഥിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ